## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 594** — **10.7.2012-ന് മറുപടിക്ക്**

### റസിഡന്റ്സ് അസോസിയേഷനുകൾക്ക് മാലിന്യ സംസ്ക്കരണത്തിന് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. മുരളീധരൻ<br>,, വി.റ്റി. ബൽറാം<br>,, വി.ഡി. സതീശൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകൾക്ക് മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;<br><br>ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിക്ക് സബ്സിഡിയായി അസോസിയേഷനുകൾക്ക് എന്ത് തുകയാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) & ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി പ്രകാരം റഡിസൻസ് അസോസിയേഷനുകൾ, കോളനികൾ എന്നിവിടങ്ങളിൽ വികേന്ദ്രീകൃത ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് മൂലധനത്തിന്റെ 50 ശതമാനമോ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡിയായി നൽകുന്നു. സന്നദ്ധ സംഘടനകളോ, റസിഡൻസ് അസോസിയേഷനോകളോ, മറ്റു ഇതര സ്ഥാപനങ്ങളോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിലവിലെ വ്യവസ്ഥ പ്രകാരം നൽകുന്ന സബ്സിഡി തുക ചെലവഴിക്കാൻ തയ്യാറായി വന്നാൽ അത്തരം പദ്ധതികൾ ശുചിത്വ മിഷനിൽ നിന്നും നേരിട്ട് സാമ്പത്തിക സഹായം നൽകി സേവനദാതാക്കൾ മുഖേന നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. |
| സി) ഏത് ഏജൻസിയാണ് സബ്സിഡി നൽകുന്നത്; | സി) സർക്കാർ ഭാഗത്തു നിന്നുളള സബ്സിഡി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് നൽകുന്നത് . |
| ഡി) അസോസിയേഷനുകൾ കൂടാതെ വേറെ ആർക്കെല്ലാമാണ് ഇത്തരം സബ്സിഡി നൽകാനുദ്ദേശിക്കുന്നത് ? | ഡി) ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഖരമാലിന്യ സംസ്ക്കരണം സ്വമേധയായി നടപ്പിലാക്കുന്ന വ്യക്തികൾക്ക് 75% തുക സർക്കാർ സബ്സിഡിയായും 15% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡിയായും 10% തുക ഗുണഭോക്തൃവിഹിതമായും വീടുകളിലെ മാലി |

ന്യ സംസ്ക്കരണത്തിനായി നൽകി വരുന്നു(കമ്പോസ്റ്റ് സംവിധാനങ്ങൾക്ക്). എന്നാൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് സർക്കാർ സബ്സിഡിയായി 50% വും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും 25% വും ശേഷിക്കുന്ന 25% ഗുണഭോക്താക്കളും വഹിക്കുന്ന തരത്തിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, സ്ക്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റൽ, കല്യാണമണ്ഡപങ്ങൾ, ഇറച്ചി കടകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് യൂണിറ്റ് നിരക്കിന്റെ 50% മോ പരമാവധി 1 ലക്ഷം രൂപയോ സബ്സിഡിയായി നൽകി വരുന്നു. ഫ്ളാറ്റുകൾക്ക് വീടൊന്നിന് 500 രൂപ നിരക്കിലും കുറഞ്ഞത് 15,000 രൂപ എന്ന നിരക്കിലും പരമാവധി 50% എന്ന നിരക്കിലും സബ്സിഡിയായി നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**